(ഡി) 1998-99ൽ 14,952 വൈറൽ ഹെപ്പെറ്റൈറ്റീസ് റിപ്പോർട്ട് ചെയ്യുകയും അതിൽ 17 മരണം സംഭവിക്കുകയും ചെയ്തിട്ടുണ്ട്. ഇതിൽ ഹെപ്പറ്റൈറ്റീസ് ബി മാത്രം തരംതിരിച്ചുള്ള കണക്കുകൾ ലഭ്യമല്ല.

143 (2329) ഹെപ്പെറ്റൈറ്റീസ് ബി രോഗ പ്രതിരോധ നടപടി

ശ്രീ. എം.കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹെപ്പെറ്റൈറ്റീസ് ബി രോഗംമൂലം സംസ്ഥാനത്ത് ഓരോ ജില്ലയിലും എത്രപേർ മരണപ്പെട്ടിട്ടുണ്ട്;

(ബി) കേരളത്തിൽ ഏത് ജില്ലയിലാണ് ഈ രോഗം കൂടുതലായി കാണപ്പെടുന്നത് എന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഹെപ്പെറ്റൈറ്റീസ് ബി രോഗം മൂലം മാത്രം മരിച്ചവരുടെ കണക്കുകൾ ലഭ്യമല്ല. എന്നാൽ 1998-ൽ സംസ്ഥാനത്ത് വൈറൽ ഹെപ്പെറ്റൈറ്റീസ്മൂലം 17 മരണം സംഭവിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

തിരുവനന്തപുരം	-	9
ആലപ്പുഴ	-	1
കോട്ടയം	-	1
മലപ്പുറം	-	1
വയനാട്	-	3
കണ്ണൂർ	-	2
		17

(ബി) വൈറൽ ഹെപ്പെറ്റൈറ്റീസ് രോഗം മലപ്പുറം ജില്ലയിൽ താരതമ്യേന കൂടുതലായി കാണപ്പെടുന്നുവെന്നാണ് ഇത് സംബന്ധിച്ച റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്.

144 (2330) തൃശ്ശൂർ മെഡിക്കൽ കോളേജിൽ കെട്ടിടം തകർന്നുവീണ സംഭവം

ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ വർഷം തൃശ്ശൂർ മെഡിക്കൽ കോളേജിൽ കെട്ടിടം തകർന്നുവീണ സംഭവത്തെക്കുറിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ;

(ബി) ഇതിനായി ചുമതലപ്പെടുത്തിയ അന്വേഷണ കമ്മിഷനിൽ ആരൊക്കെയാണ് അംഗങ്ങൾ;

(സി) ഈ കമ്മിഷൻ തൃശ്ശൂരിൽ പൊതുജനങ്ങളിൽനിന്നും തെളിവ് എടുത്തിട്ടുണ്ടോ; തൃശ്ശൂരിൽ എന്നാണ് സിറ്റിംഗ് നടത്തിയത്;

(ഡി) തൃശൂരിനുപുറമേ മറ്റു ഏതെങ്കിലും പ്രദേശങ്ങളിൽ തെളിവെടുപ്പ് നടത്തിയിട്ടുണ്ടോ;

(ഇ) അന്വേഷണ കമ്മിഷന്റെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് ലഭിച്ചത്; റിപ്പോർട്ടിലെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly